പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4713 — 29.06.2012- ൽ മറുപടിയ്ക്ക്

'വീട്ടമ്മയ്ക്ക് അരുമക്കോഴി' 'ഗ്രാമം നിറയെ കോഴിക്കുഞ്ഞ്' 'പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) 'വീട്ടമ്മയ്ക്ക് അരുമക്കോഴി', 'ഗ്രാമം നിറയെ കോഴിക്കുഞ്ഞ്' എന്നീ പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കാമോ; | (എ) വിശദമാക്കാം<br>**വീട്ടമ്മയുടെ അരുമക്കോഴികൾ**<br>തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ രജിസ്റ്റർ ചെയ്യുന്ന എല്ലാ ബി പി. എൽ വനിതാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്ന ഒരു പദ്ധതിയാണ് വീട്ടമ്മയുടെ അരുമക്കോഴികൾ. തെരഞ്ഞെടുക്കുന്ന ഓരോ ഗുണഭോക്താവിനും 45-60 ദിവസം പ്രായമായ 3 കോഴിയും 6 കിലോ തീറ്റയും, 20 രൂപയുടെ മരുന്നും സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയാണിത്.<br>**ഗ്രാമം നിറയെ കോഴികൾ**<br>തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ 1000 വനിതാ ഗുണഭോക്താക്കൾക്ക് 5 കോഴിയും 10 കിലോ തീറ്റയും 20 രൂപയുടെ മരുന്നും വിതരണം ചെയ്യുന്ന ഒരു പദ്ധതിയാണ് ഗ്രാമം നിറയെകോഴികൾ. ഗുണഭോക്താക്കളിൽ 70% പേർ ബി.പി.എൽ-ഉം 30% പേർ ഏ.പി.എൽ-ഉം ആണ്. ഗുണഭോക്തൃ വിഹിതമായി 80 രൂപ ഒടുക്കേണ്ടതാണ്. |
| (ബി) ഏതെല്ലാം പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ? | (ബി) **വീട്ടമ്മയുടെ അരുമക്കോഴികൾ** എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ വെമ്പായം, കല്ലറ എന്നീ പഞ്ചായത്തുകളിലും, കൊല്ലം ജില്ലയിലെ ചവറ, ചാത്തന്നൂർ, ഇളമാട്, പിറവന്തൂർ, കുളത്തൂപ്പുഴ, ഏരൂർ, കുലശേഖരപുരം |

എന്നീ പഞ്ചായത്തുകളിലും, പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ, കടപ്ര എന്നീ പഞ്ചായത്തുകളിലും ആലപ്പുഴ ജില്ലയിലെ കുത്തിയതോട്, അമ്പലപ്പുഴ സൗത്ത്, ചെന്നിത്തല, പത്തിയൂർ, അമ്പലപ്പുഴ നോർത്ത്, ആറാട്ടുപുഴ, കുമാരപുരം, മണ്ണഞ്ചേരി, പാണാവള്ളി എന്നീ പഞ്ചായത്തുകളിലും, കോട്ടയം ജില്ലയിലെ അയർക്കുന്നം , പൂഞ്ഞാർ, തെക്കേക്കര, പനച്ചിക്കാട്, മുണ്ടക്കയം, വിജയപുരം, മുളകുളം എന്നീ പഞ്ചായത്തുകളിലും, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, പായിപ്ര, ചേരുമംഗലം, പുത്തൻവേലിക്കര, വേങ്ങൂർ, കുമ്പളം എന്നീ പഞ്ചായത്തുകളിലും, കണ്ണൂർ ജില്ലയിലെ പായം, കതിരൂർ പഞ്ചായത്തുകളിലും, കോഴിക്കോട് ജില്ലയിലെ മരുതോൻകര, കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി എന്നീ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

ഗ്രാമം നിറയെ കോഴികൾ എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന്, പോത്തൻകോട്, അരുവിക്കര, അഴൂർ, മാണിക്കൽ, കൊല്ലം ജില്ലയിലെ നിലമേൽ , എഴുകോൺ കുന്നത്തൂർ, ഭൂതക്കുളം, കരവാളൂർ, ആലപ്പുഴ ജില്ലയിലെ പുന്നപ്രനോർത്ത്, കരുവാറ്റ, പള്ളിപാട്, പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ, മെഴുവേലി, എറണാകുളം ജില്ലയിലെ ഉദയംപേരൂർ, കുട്ടംമ്പുഴ, വടക്കേക്കര, ആനക്കര, കിഴക്കമ്പലം, രാമമംഗലം, പിറവം, മുളന്തുരുത്തി, കോട്ടയം ജില്ലയിലെ തിടനാട്, വാഴൂർ, ഇടുക്കി ജില്ലയിലെ കരുണാപുരം, തൃശ്ശൂർ ജില്ലയിലെ വരവൂർ, കൈപ്പമംഗലം, കൊടാശ്ശേരി, തെക്കുംകര, മറ്റത്തൂർ, ചൊവ്വന്നൂർ, പാലക്കാട് ജില്ലയിലെ കടമ്പഴിപ്പുറം, പട്ടൻച്ചേരി, മലപ്പുറം ജില്ലയിലെ അമരംമ്പലം, താനൂർ, ഒതുക്കുങ്ങൽ, വെട്ടം, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, ചെങ്കോട്ടുകാവ്, പുറമേരി, പേരാമ്പ്ര, കണ്ണൂർ ജില്ലയിലെ മയ്യിൽ, മൊകേരി എന്നീ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ